കുടിവെള്ള പദ്ധതിക്ക് വയലാ ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ സ്ഥലം വിട്ടുനൽകുന്നതിനുള്ള ശിപാർശ

98 (7065) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അലയമൺ-ഇട്ടിവ കുടിവെള്ള പദ്ധതിക്ക് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് വയലാ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ കോമ്പൗണ്ടിലെ 6 സെന്റ് സ്ഥലം വിട്ടുനൽകുന്നതിനുള്ള ശുപാർശയിൻമേൽ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത ശുപാർശയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പിലെ നോൺ വൊക്കേഷണൽ അധ്യാപകർ

99 (7066) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി അധ്യാപകരുടെയും വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിലെ നോൺ വൊക്കേഷണൽ അധ്യാപകരുടെയും പ്രൊമോഷൻ/ജോലി സമയം ഇവയിൽ വിവേചനം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 5 വർഷം സർവ്വീസ് കാലാവധി പൂർത്തിയായ നോൺ വൊക്കേഷണൽ ജൂനിയർ അധ്യാപകരെ സീനിയർ അധ്യാപകരായി സ്ഥാനക്കയറ്റം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എയ്ഡഡ് മേഖലയിൽ നോൺ വൊക്കേഷണൽ ജൂനിയർ ടീച്ചർ തസ്തിക നിലവിലുണ്ടോ ; എയ്ഡഡ് മേഖലയിലെ നോൺ വൊക്കേഷണൽ ടീച്ചർ തസ്തിക കണക്കാക്കുന്നതിനുള്ള പ്രവൃത്തി സമയം, മറ്റ് മാനദണ്ഡങ്ങൾ എന്നിവ എന്തൊക്കെയാണ് ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഉണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിലെ സ്പെഷ്യൽ റൂൾസ് പ്രകാരമാണ് അദ്ധ്യാപകരുടെ പ്രവൃത്തി സമയം കണക്കാക്കുന്നത്. നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ആഴ്ചയിൽ 6 മണിക്കൂർ മുതൽ 15 മണിക്കൂറിൽ താഴെ വരെ പഠിപ്പിക്കുന്ന അദ്ധ്യാപകരെ നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ) തസ്തികയിലും 15 മണിക്കൂറോ, അതിൽ കൂടുതലോ പഠിപ്പിക്കുന്ന അദ്ധ്യാപകരെ നോൺ വൊക്കേഷണൽ ടീച്ചർ തസ്തികയിലുമാണ് പരിഗണിക്കുന്നത്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ വർഷം തോറുമുള്ള പൊതു സ്ഥലം മാറ്റം.

100 (7067) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ വർഷം തോറുമുള്ള പൊതുസ്ഥലംമാറ്റം നടത്താറില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അവസാനമായി പൊതുസ്ഥലംമാറ്റം നടത്തിയത് എന്നാണ് ;

(സി) ഈ വർഷം അധ്യാപകരുടെയും ലാബ് അസിസ്റ്റന്റുമാരുടെയും ഇൻസ്ട്രക്ടർമാരുടെയും പൊതുസ്ഥലംമാറ്റം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) വർഷംതോറും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് പൊതുസ്ഥലംമാറ്റം നടക്കാതിരിക്കാനിടയായ സാഹചര്യം വിശദീകരിക്കുമോ ?

ഉത്തരം.

(എ) ഇല്ല.

(ബി) 2013-14 അദ്ധ്യയന വർഷത്തിൽ

(സി) നടപടികൾ നടന്നുവരുന്നു.

(ഡി) എല്ലാ വർഷവും പൊതുസ്ഥലംമാറ്റം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly